## കലിഗ്രഫിയും ആത്മീയതയും

‘എഴുത്ത്, കൈയിന്റെ നാവും ചിന്തയുടെ ഔന്നത്യവുമാണെ’ന്ന് ഹ്. അലി പറഞ്ഞിട്ടു്. പവിത്രമായ വാക്കിന്റെ പവിത്രമായ ആവിഷ്കാരമാണ് കലിഗ്രഫിയെന്ന് ഭക്തരായ കൈയെഴുത്തു കലാകാരൻമാർ വിശ്വസിച്ചിരുന്നു. ‘കുൻ’(ഉാവുക) എന്ന ദൈവിക വചനത്തിൽനിന്നാണ് പ്രപഞ്ചം ആരംഭിച്ചത്. പവിത്രഫലക( ലൗഹ്ുൽ മഹ്ഫൂള്)ത്തിൽ വിശുദ്ധതൂലിക(അൽഖലം) കൊ് അല്ലാഹു രേഖപ്പെടുത്തിയവയാണ് യാഥാർഥ്യങ്ങൾ (ഹ്ഖാഇഖ്). ‘ഭൂമിയിലെ മരങ്ങൾ മുഴുവൻ പേനകളും കടലുകൾ മുഴുവൻ മഷിയുമായാലും എഴുതിത്തീരുന്നതല്ല അല്ലാഹുവിന്റെ വചനങ്ങൾ’ എന്നു ഖുർആൻ പറയുന്നു്. ‘പേനകൊ് എഴുതാൻ പഠിപ്പിച്ച അല്ലാഹു’ എന്നത് ആദ്യമവതരിച്ച ഖുർആൻ സൂക്തങ്ങളിൽ ഒന്നാണ്. വിജ്ഞാനത്തിനു വലിയ പ്രോത്സാഹനം നൽകുന്ന ഇസ്‌ലാമിന്റെ വേദഗ്രന്ഥമായ ഖുർആൻ അക്ഷരകലയ്ക്ക് കൽപിക്കുന്ന പ്രാധാന്യം ഇത്തരം സൂക്തങ്ങളിൽനിന്നു വ്യക്തമാവുന്നു്. അറബി എഴുത്തുകലയുടെ വളർച്ചയിൽ ഖുർആൻ വഹിച്ച പങ്ക് സുവിദിതമാണ്. കലിഗ്രഫിയിലൂടെ ദിവ്യചൈതന്യത്തെ ആവിഷ്കരിക്കുകയാണ് കലാകാരൻ ചെയ്യുന്നതെന്ന് ഇസ്‌ലാമിക കലിഗ്രഫിയുടെ ആത്മീയസാരം അന്വേഷണവിധേയമാക്കിയ സയ്യിദ് ഹുസൈൻ നസ്ർ നിരീക്ഷിക്കുന്നു. പരമ്പരാഗത ഇസ്‌ലാമിക് കലിഗ്രഫിയിൽ ഖുർആന്റെ സത്ത ഉൾച്ചേർന്നതായി കാണാമെന്ന് നസ്ർ ചൂിക്കാണിക്കുന്നു. വാസ്തുവിദ്യയും കവിതയുംപോലെ പ്രധാനമാണ് ഇസ്‌ലാമിക നാഗരികതയിൽ കലിഗ്രഫിയും. രൂപരഹിതമായതിന്റെ രൂപമന്വേഷിക്കുന്ന സാധനയാണ് കലിഗ്രഫി. ഈ അന്വേഷണം കലാകാരനെ സംബന്ധിച്ചിടത്തോളം ദിവ്യാനുഭൂതി തേടലാകുന്നു. ‘ഖലം’(തൂലിക) ദിവ്യസൃഷ്ടിയിലെ നെടുംതൂണാകുന്നു. മനുഷ്യന്റെ പേന അല്ലാഹുവിന്റെ ഖലമിനെയും കാൻവാസ് ‘ലൗഹ്ുൽ മഹ്ഫൂളി’നെയും ഓർമിപ്പിക്കുന്നു. പ്രപഞ്ചത്തിന്റെ ചരാചരങ്ങളെല്ലാം അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ വഹിക്കുന്ന അക്ഷരങ്ങളാകുന്നു. കലിഗ്രഫിയിലെ സുന്ദരമായ അക്ഷരങ്ങൾ അല്ലാഹുവിന്റെ സുന്ദരങ്ങളായ സൃഷ്ടികളെപ്പോലെയാണ്. കലിഗ്രഫിക്ക് അതിന്റേതായ സംഗീതവും താളവുമു്. വ്യത്യസ്തതരം കലിഗ്രഫികൾ വ്യത്യസ്ത ദൈവികഗുണങ്ങളുടെ പ്രകാശനമാണ്. ലിപികൾ ഒരേസമയം സ്ഥിരതയെയും പരിവർത്തനത്തെയും സൂചിപ്പിക്കുന്നു. അക്ഷരം ഒന്നുതന്നെ. അതിനു മാറ്റമില്ല. എന്നാൽ വ്യത്യസ്ത കാലദേശങ്ങളിൽ അതണിയുന്ന രൂപം കലാപരമായി വ്യതിരിക്തത പുലർത്തുന്നു. അക്ഷരങ്ങളുടെ ലംബവരകൾ ഏകത്വത്തെയും തിരശ്ചീനരേഖകൾ വൈവിധ്യത്തെയും പ്രതിനിധീകരിക്കുന്നുവെന്നാണ് കലിഗ്രഫിയുടെ സ്വൂഫി വ്യാഖ്യാതാക്കൾ പറയുന്നത്. ‘അലിഫ്’, ‘ബാ’ തുടങ്ങി ഓരോ അക്ഷരങ്ങൾക്കും ആധ്യാത്മിക വ്യാഖ്യാനം നൽകുന്നു് സ്വൂഫീ വ്യാഖ്യാതാക്കൾ. മറ്റേതൊരു കലാമാധ്യമത്തെയുംപോലെ കലിഗ്രഫിയും ആത്മാവിഷ്കാരത്തിന്റെയും ആത്മീയാന്വേഷണത്തിന്റെയും ഉപാധിയാകുന്നു എന്നു ചുരുക്കം.